"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - മാനന്തവാടി ഭാഗ്യക്കുറി സബ് ഓഫീസ് നവീകരിക്കുന്നതിന് ഭരണാനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.25/2026/TAXES തീയതി,തിരുവനന്തപുരം, 07-01-2026

പരാമർശം:- 1. 23.05.2025-ലെ ജി.ഒ.(ആർ.ടി.) നം.489/2025/ടാക്സസ്

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 19.08.2025-ലെ SLTY/3503/2025-MOD1 നമ്പർ കത്ത്

**ഉത്തരവ്**

മാനന്തവാടി ഭാഗ്യക്കുറി സബ് ഓഫീസ് നിലവിൽ പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിൽ നിന്ന് മാറ്റി സ്ഥാപിക്കുന്നതിനായി ബി.എസ്.എൻ.എൽ.ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്കെടുക്കുന്നതിന് പരാമർശം (1) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കിയിരുന്നു. ടി കെട്ടിടം ഓഫീസ് പ്രവർത്തനത്തിന് അനുയോജ്യമായ വിധത്തിൽ നവീകരിക്കുന്നതിന് ഭരണാനുമതി തേടി പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനന്തവാടി ഭാഗ്യക്കുറി സബ് ഓഫീസിന്റെ പ്രവർത്തനത്തിന് വാടകയ്ക്കെടുത്ത BSNL-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ, ആകെ ചെലവ് 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി, ഓഫീസ് പ്രവർത്തനത്തിന് അനുയോജ്യമായ വിധത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഈ ഇനത്തിലെ ചെലവ് '2075-00-103-94-17 Minor Works' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

KABEER C A

അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (14.11.2025-ലെ 3077648/Exp.B1/136/2025/Fin പ്രകാരം)

4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ (TAXES-H1/267/2025-TAXES)

Signed by
ഉത്തരവിൻ പ്രകാരം
Mini G S
Date: 07-01-2026 14:44:26
സെക്ഷൻ ഓഫീസർ